# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5048

24.07.2015 ലെ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ) | വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനവും പശ്ചാത്തല സൗകര്യ വികസനവും നടപ്പിലാക്കി, അവയെ അന്തർദ്ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി മെഗാ സർക്യൂട്ട് ഡെവലപ്മെന്റ് പദ്ധതി, ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. മെഗാ സർക്യൂട്ട് ഡെവലപ്മെന്റ് പദ്ധതിയിൽ, ഗ്രീൻ ടൂറിസം സർക്യൂട്ട്, ഡെവലപ്മെന്റ് ഓഫ് ബാക്ക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ ബാക്ക് വാട്ടർ റീജിയൺ ആസ് മെഗാ സർക്യൂട്ട് ഇൻ കേരള, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് എന്നിവ ഉൾപ്പെടുത്തി വികസിപ്പിക്കുന്നു. കൂടാതെ ഇരിങ്ങൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് – കോഴിക്കോട്, കോവളം ആർട്ട് & ക്രാഫ്റ്റ് വില്ലേജ് – തിരുവനന്തപുരം, ഡെവലപ്മന്റ് ഓഫ് കാപ്പിൽ ബീച്ച് & ഇറ്റ്സ് സറൗണ്ടിംഗ്സ്, ഡെവലപ്മെന്റ് ഓഫ് കാരാപ്പുഴ ഡാം സൈറ്റ്, ഡെവലപ്മെന്റ് ഓഫ് കക്കയം പെരുവണ്ണാമൂഴി, ഡെവലപ്മെന്റ് ഓഫ് പാലേക്കരി ഫിഷ് ഫാം എന്നിവ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി പ്രകാരവും ഉൾപ്പെടുത്തി വികസിപ്പിക്കുന്നു. |
| ബി) ടൂറിസം മേഖലയുടെ വികസനത്തിന് പി.പി.പി. പദ്ധതികൾ വ്യാപകമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ബി) | ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് നിലവിൽ വന്ന സ്ഥിതിക്ക് ഇത്തരം പദ്ധതികൾ പരിശോധിച്ചുവരുന്നു. |

Anuradha

സെക്ഷൻ ഓഫീസർ